"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം: ഡിസി1/71/2020/തസ്വഭവ
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം,
തീയതി: 01/02/2020

<u>സർക്കുലർ</u>

വിഷയം:- സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ- സംബന്ധിച്ച്.

സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**<u>മുൻകരുതൽ നടപടികൾ</u>**

1. കൊറോണാ വൈറസ് പകരുന്നത് തടയുന്നതിന് അതിപ്രധാനം വ്യക്തി ശുചിത്വമാണ്. അതിനാൽ വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് വിപുലമായ പ്രചരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സംഘടിപ്പിക്കണം. പൊതുസ്ഥലത്ത് തുമ്മുക, തുപ്പുക തുടങ്ങിയവ ഒഴിവാക്കൽ, കൈ സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടയ്ക്ക് കഴുകൽ, പനി, ജലദോഷം തുടങ്ങിയ ലക്ഷണങ്ങൾ ഉള്ള വ്യക്തികൾ പൊതു സമ്പർക്കം ഒഴിവാക്കൽ തുടങ്ങി വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് ബോധവത്കരണം നടത്തുന്നതിന് വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കണം.
2. സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, ഓഫീസ് കോംപ്ലക്സുകൾ, ചന്തകൾ, വ്യാപാര സ്ഥാപനങ്ങൾ തുടങ്ങി പൊതുജനം ഒത്തു കൂടുന്ന എല്ലാ സ്ഥലങ്ങളും കേന്ദ്രീകരിച്ച് പ്രസ്തുത ക്യാമ്പയിൻ സംഘടിപ്പിക്കണം.
3. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, സന്ദർശകർ, രോഗികൾ തുടങ്ങി ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന എല്ലാവരും ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച

പരിശീലനം, മാർഗ്ഗനിർദ്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കൽ തുടങ്ങിയ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

4. സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ, ക്ലിനിക്കൽ ലാബുകൾ, കൺസൾട്ടിംഗ് സെന്ററുകൾ തുടങ്ങി എല്ലാ സ്ഥലങ്ങളിലും ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുളളഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പാലിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
5. WHO പട്ടിക പ്രകാരം കൊറോണ വൈറസ് ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുളള പ്രദേശങ്ങളിൽ നിന്നും എത്തുന്നവരുടേയും അവരുമായി അടുത്തിടപഴകുന്നവരുടെയും പട്ടിക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതും അവർക്ക് ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുളള Home Isolation Protocol സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതുമാണ്.

**<u>രോഗം റിപ്പോർട്ട് ചെയ്താൽ</u>**

1. ആരോഗ്യ വകുപ്പിന്റെ മാർഗ്ഗരേഖ അനുസരിച്ചുളള ചികിത്സ ലഭ്യമാക്കുന്നത് ഉറപ്പാക്കണം.
2. ഐസൊലേഷൻ ഉറപ്പാക്കണം.
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ കൊറോണ രോഗബാധിതർക്കു ചികിത്സ സത്വരമായി ലഭ്യമാക്കുന്നതിന് മരുന്നുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് കുറവ് വരാതെ ശ്രദ്ധിക്കേണ്ടതും ആവശ്യമായ നടപടികൾ മുൻഗണന നൽകി സ്വീകരിക്കേണ്ടതുമാണ്.
4. രോഗം പകരുന്നത് തടയുന്നതിനുള്ള സാധന സാമഗ്രികൾ രോഗിയുടെ കുടുംബത്തിന് ആവശ്യമെങ്കിൽ വാങ്ങി നൽകണം.
5. ഐസൊലേഷന് വിധേയമാകുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ദൈനംദിന ജിവിത സഹായം ലഭ്യമാക്കേണ്ടതാണ്.
6. ആവശ്യമായ ഘട്ടങ്ങളിൽ പരിചരണത്തിന് സഹായിയെ ലഭ്യമാക്കേണ്ടി വന്നാൽ അതിന് ആവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ്.

**<u>ഫണ്ട്</u>**

മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നു.

R S KANNAN
SPECIAL SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SMITHA B CHANDRA
Date: 2020.02.01 19:10:39 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറി(റൂറൽ)യുടെ പി.എ.യ്ക്ക്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്